കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി

45 (2101)ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. വി.കെ .ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ വേണ്ടി കയർ റിസർച്ച് സെന്ററും അക്കാദമിയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ 3-ാം വാർഷികത്തോടനുബന്ധിച്ച് കയർ മേഖലയിൽ എന്തെല്ലാം വികസനപദ്ധതികൾ ഈ വർഷം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എത്രപേർക്ക് തൊഴിൽ നൽകാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കയർ വ്യവസായ പുരോഗതിക്കായി ഒരു റിസർച്ച് സെന്റർ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കയർ വ്യവസായ വികസനത്തിനായി കയർ റിസർച്ച് സെന്റർ സ്ഥാപിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. വൈവിദ്ധ്യമാർന്ന പുതിയതരം കയറുൽപ്പന്നങ്ങൾ, യന്ത്രങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണം നടത്തുക, കയർ തൊഴിലാളികൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുക എന്നിവയാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന രണ്ട് യൂണിറ്റുകൾ ആലപ്പുഴയിലും ഒരു യൂണിറ്റ് കണ്ണൂരിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയതരം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പത്ത് യൂണിറ്റുകൾ വീതമുള്ള "4 എക്കോ കയർ വില്ലേജുകൾ" സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉദ്ദേശം 8300 പോർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കയർ വ്യവസായ വികസനത്തിനായി ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ ആലപ്പുഴയിൽ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

കയർഫെഡിന്റെ പ്രവർത്തനം

46 (2102)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന് ഡിസ്ട്രസ് പർച്ചേസ് റിലീഫ് സ്കീമിൽപ്പെടുത്തി ഓരോ വർഷവും എന്തു തുക കൊടുത്തു;

(ബി) ഇവ കയർഫെഡ് ഏതെല്ലാം സംഘങ്ങൾക്കും വ്യക്തികൾക്കുമായി വിതരണം നടത്തിയെന്നും, ഓരോന്നിനും നൽകിയ തുക എത്രയെന്നും വിശദമാക്കുമോ;

(സി) സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വ്യക്തികൾക്കും തുക നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പണം നൽകിയശേഷം അതിന്റെ വിനിയോഗം പരിശോധിക്കാൻ ഓരോ തലത്തിലും ഏർപ്പെടുത്തിയ സംവിധാനമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ധനവിനിയോഗത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 1996-ജൂലൈ മാസം 150 ലക്ഷം രൂപയും, 1997- മാർച്ചു മാസം 420 ലക്ഷം രൂപയും (ആകെ 570 ലക്ഷം രൂപ) നൽകിയിട്ടുണ്ട്.

(ബി) ഈ തുക സംഘങ്ങൾക്കും വ്യക്തികൾക്കും വിതരണം ചെയ്യുകയല്ല പ്രസ്തുത തുക ഉപയോഗിച്ച് സംഘങ്ങൾ, ചെറുകിട ഉല്പാദകർ ഇവരിൽ നിന്നും കയറും കയറുൽപ്പന്നങ്ങളും വാങ്ങുകയാണ് ചെയ്തത്. ഡിസ്ട്രസ് പർച്ചേസായി കയർ വാങ്ങുന്നതിനുവേണ്ടി വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് 13 സെന്ററുകളിലായി 202.51 ലക്ഷം രൂപ വിലയുള്ള 9057.62 കിന്റൽ കയർ ചെറുകിട ഉല്പാദകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. കൂടാതെ കയർഫെഡിന്റെ റീജിയണൽ ഓഫീസ് വഴി കയർ സഹകരണ സംഘങ്ങളിൽ നിന്ന് 350 ലക്ഷം രൂപയുടെ കയറും വാങ്ങിയിട്ടുണ്ട്.

(സി) കയർസഹകരണ സംഘങ്ങളിൽ നിന്നും ചെറുകിട ഉല്പാദകരിൽ നിന്നും ഡിസ്ട്രസ്സ് പർച്ചേസ് പ്രകാരം കയറും കയറുല്പന്നങ്ങളും സംഭരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 10.7.96-ലെ സർക്കാർ ഉത്തരവ് (എം.എസ്.നം.127/96/ഐ.ഡി പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് കയറും കയറുൽപ്പന്നങ്ങളും വാങ്ങിയത്. മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) സംഭരണ കേന്ദ്രങ്ങളിൽ ഡിസ്ട്രസ് പർച്ചേസ്സായി വാങ്ങിയ കയർ, കയർഫെഡിന്റെ റീജിയണൽ ഓഫീസിലേയ്ക്ക് മാറ്റുമ്പോൾ റീജിയണൽ ഓഫീസർമാർ നൽകുന്ന ലാന്റിംഗ് സ്റ്റേറ്റ്മെന്റുകളും സംഭരണ കേന്ദ്രങ്ങളിൽ നിന്നും നൽകുന്ന പർച്ചേസ് സ്റ്റേറ്റ്മെന്റുകളും പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. സംഭരണ കേന്ദ്രത്തിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ കയർ ഫെഡിന്റെ മാർക്കറ്റിംഗ് മാനേജർ നൽകുന്ന നിർദ്ദേശവും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് പർച്ചേസ് നടത്തേണ്ടതാണെന്നും ഓരോ ദിവസവും നടത്തുന്ന പർച്ചേസിന്റേയും, നൽകുന്ന ചെക്കിന്റേയും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിവരങ്ങൾ മാർക്കറ്റിംഗ് മാനേജർക്കും ഫിനാൻസ് മാനേജർക്കും നൽകിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) വൈക്കം, ചേർത്തല, അഞ്ചാലുംമൂട് (കൊല്ലം), പരവൂർ (കൊല്ലം) എന്നീ സെന്ററുകളിൽ ഡിസ്ട്രസ് പർച്ചേസ് നടത്തിയതിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവരുടെ പേരിൽ കയർഫെഡ് നടപടികൾ സ്വീകരിച്ചുവരികയാണ്.

കയർ വ്യവസായത്തിലെ മിനിമം എക്സ്പോർട്ട് പ്രൈസ്

47 (2103)ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി. രാജു :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ മിനിമം എക്സ്പോർട്ട് പ്രൈസ് റദ്ദാക്കണമെന്ന് ന്യൂഡൽഹി നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക്സ് റിസർച്ച് പഠനം നടത്തി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ മിനിമം എക്സ്പോർട്ട് പ്രൈസ് നിലനിറുത്തണം എന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിശോധിച്ചു വരികയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സിൽക്കു തുണി നെയ്യുന്ന സഹകരണ സംഘങ്ങൾ

48 (2104)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് സിൽക്ക് തുണി നെയ്യുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഇവയ്ക്കാവശ്യമായ സിൽക്കു നൂൽ ലഭിക്കുന്നത് ഏതു വിധത്തിലാണ്;

(സി) അതിനുവേണ്ടി ഏതെല്ലാം വിധത്തിലുള്ള ധനസഹായം നൽകി വരുന്നു എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly